**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം.**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1380 — 30.09.2011 - ൽ മറുപടിയ്ക്ക്

**കോഴിക്കോട് വേങ്ങേരിയിലുള്ള കാർഷിക വിപണന കേന്ദ്രം**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) കോഴിക്കോട് വേങ്ങേരിയിലുള്ള കാർഷിക വിപണന കേന്ദ്രത്തിൽ ഇപ്പോൾ കൃഷിവകുപ്പിന്റെ കീഴിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് വിശദമാക്കുമോ? | (എ) കർഷകർ ഉത്പാദിപ്പിക്കുന്ന കാർഷിക വിഭവങ്ങൾക്ക് ഇടത്തട്ടുകാരിൽ നിന്നുള്ള ചൂഷണം ഒഴിവാക്കി പരമാവധി വില ലഭ്യമാക്കുവാനും കർഷകരും വ്യാപാരികളും മുഖാമുഖം ക്രയവിക്രയത്തിന് വേദി ഒരുക്കുക എന്ന ലക്ഷ്യത്താടെ ചൊവ്വ, വെള്ളി ദിവസങ്ങളിൽ മാർക്കറ്റിൽ പഴം, പച്ചക്കറികളുടെ ലേല നടപടികൾ നടക്കുന്നു. ലേലത്തിൽ വ്യാപാരികൾ പങ്കെടുക്കാതിരിക്കുകയോ, ന്യായമായവില ലഭിക്കാതിരിക്കുകയോ ചെയ്യുന്ന അവസരങ്ങളിൽ കാർഷിക ഉത്പ്പന്നങ്ങൾ സർക്കാർ വിലക്ക് ഹോർട്ടിക്കോർപ്പ് സംഭരിക്കുന്നുണ്ട്.<br><br>കൃഷി അനുബന്ധ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി 92 സ്റ്റാളുകൾ, ഒരു ലേലഹാൾ, 50 പേർക്ക് വിശ്രമിക്കാവുന്ന ഡോർമിറ്ററി എന്നീ സൗകര്യങ്ങൾ കർഷകർക്ക് ലഭ്യമാക്കി വരുന്നു. ഇത് കൂടാതെ വിശാലമായ റോഡ് വേയ്ബ്രിഡ്ജ്, കാന്റീൻ, 10 പേർക്കായുള്ള വിശ്രമ മുറി തുടങ്ങിയ സൗകര്യങ്ങളും ലഭ്യമാണ്.<br><br>2010-11-ൽ മാർക്കറ്റ് ശാക്തീകരണ പദ്ധതിപ്രകാരം 27.5 ലക്ഷം രൂപ, അനുവദിച്ചതിൽ 20 ലക്ഷം രൂപ ലേല നടപടികൾക്കായി ചിലവഴിച്ചു കഴിഞ്ഞു. ബാക്കി തുകയുടെ തുടർ പ്രവർത്തനങ്ങൾ നടന്നു വരുന്നു. 2011-12ൽ ടി പദ്ധതി പ്രകാരം അനുവദിച്ച 7 ലക്ഷം രൂപയും ലേലനടപടികളുടെ ശാക്തീകരണത്തിനായി ഉപയോഗിക്കുന്നതാണ്.<br>മാർക്കറ്റ് ഭൂമിയിലെ ആകെയുള്ള 10.8 ഏക്കറിൽ 9 ഏക്കറിൽ ഫലവൃക്ഷ തൈകൾ ഉണ്ട്. കൃഷിക്കനുയോജ്യമായ ഭൂമി കർഷക ഗ്രൂപ്പുകളുടെ മേൽ നോട്ടത്തിൽ പച്ചക്കറി കൃഷിക്കായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. |

സെക്ഷൻ ഓഫീസർ